# 28-11-2022

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-28/11/2022.

1. കൊല്ലം ജില്ലയിലെ കാർഷിക മേഖലയിൽ വിവിധ തലങ്ങളിൽ മികച്ച നേട്ടം കൈവരിച്ചവർക്കുള്ള അവാർഡ് ദാനവും കാർഷിക സെമിനാറും നാളെ (നവംബർ 29) രാവിലെ 9 മണി മുതൽ ഏരൂർ, ഓയിൽപാം, പാം വ്യൂ കൺവെൻഷൻ സെന്ററിൽ വെച്ച് നടത്തുന്നു. ഇതിന്റെ ഉദ്ഘാടനം പുനലൂർ എം.എൽ.എ പി.എസ് സുപാലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും.

2. സംസ്ഥാന കടാശ്വാസ കമ്മീഷൻ വഴി കടാശ്വാസത്തിനായി കർഷകർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള വായ്പാ തീയതി **വയനാട്, ഇടുക്കി** ജില്ലയിലെ കർഷകർക്ക് **31.08.2018 എന്നത് 31.08.2020** വരെയും **മറ്റ് 12 ജില്ല**കളിലെ കർഷകർക്ക് **31.03.2014 എന്നത് 31.03.2016** വരെയും ദീർഘിപ്പിച്ചു. കർഷകർ സഹകരണ ബാങ്കുകളിൽ / സംഘങ്ങളിൽ നിന്നും എടുത്ത വായ്പകൾക്ക് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന നിലവിൽ പരമാവധി രണ്ട് ലക്ഷം രൂപ വരെയാണ് കടാശ്വാസം അനുവദിച്ചു വരുന്നത്.

3. സംസ്ഥാന വിള ഇൻഷുറൻസ് പ്രമീയം ഇനി മുതൽ കർഷകർക്ക് ഓൺലൈനായി അടയ്ക്കാം. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ AIMS പോർട്ടൽ ( www.aims.kerala. gov.in) വഴിയാണ് ഓൺലൈനായി പ്രീമിയം തുക അടയ്ക്കുന്നതിനുള്ള സൗകര്യം തയ്യാറാക്കിയിട്ടുള്ളത്. ഡെബിറ്റ് /ക്രെഡിറ്റ് കാർഡുകൾ വഴിയോ ഇന്റർനെറ്റ് ബാങ്കിംഗ് വഴിയോ, UPI സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയോ പ്രീമിയം തുക അടക്കുവാൻ കഴിയും. ഇതിനായി സംസ്ഥാന ട്രഷറി വകുപ്പിന്റെ സൗകര്യങ്ങളാണ് പോർട്ടലിൽ ബന്ധിപ്പിച്ചിരിക്കുന്നത്. AIMS പോർട്ടലിൽ അപേക്ഷ സമർപ്പിച്ച കർഷകരുടെ ലോഗിനിൽ തന്നെയാണ് പുതിയ സൗകര്യവും തയ്യാറാക്കിയിട്ടുള്ളത്. അപേക്ഷാ സമർപ്പിച്ച് പത്ത് ദിവസത്തിനുള്ളിൽ പരിശോധന പൂർത്തിയാക്കി കർഷകർക്ക് തുക അടയ്ക്കുവാനുള്ള സൗകര്യം ലഭ്യമാകും. തുക അടച്ച ഉടൻതന്നെ പോളിസി സർട്ടിഫിക്കറ്റ്, രസീത് എന്നിവ ഓൺലൈനായി കർഷകന് ലഭിക്കും. പോളിസി സർട്ടിഫിക്കറ്റ്, രസീത് എന്നിവ പിന്നീട് എപ്പോൾ വേണമെങ്കിലും കർഷകന് സ്വന്തം ലോഗിനിൽ നിന്ന് പ്രിന്റ് എടുക്കുവാനും സാധിക്കും. തുക അടച്ച് ഏഴു ദിവസത്തിന് ശേഷം സംഭവിക്കുന്ന വിള നാശങ്ങൾക്ക് നഷ്ടപരിഹാരത്തിനായി കർഷകർക്ക് ഇതേ പോർട്ടൽ വഴി അപേക്ഷിക്കുവാൻ കഴിയും. പ്രകൃതിക്ഷോഭത്തിലുണ്ടായ വിളനാശം, വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ഉണ്ടായ വിളനാശം, നെൽകൃഷിയുടെ രോഗ കീടബാധ കാരണമുള്ള വിളനാശം എന്നിവയ്ക്കാണ് നഷ്ടപരിഹാരത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. വിളനാശം ഉണ്ടായി 15 ദിവസങ്ങൾക്കുള്ളിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. സംസ്ഥാനത്തെ പ്രധാനപ്പെട്ട 27 വിളകൾക്കാണ് ഈ പദ്ധതിയിലൂടെ സംരക്ഷണം ലഭിക്കുന്നത്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### പരിശീലന പരിപാടികൾ

4. തിരുവനന്തപുരം, വെള്ളായണി കാർഷിക കോളജിലെ പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി വിഭാഗത്തിൽ വച്ച് 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയുടെ ഭാഗമായി **'പഴം – പച്ചക്കറി സംസ്കരണത്തിൽ പാക്കേജിന്റെ പ്രാധാന്യം'** എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി ഈ മാസം 29-ന് (29.11.2022 ന് ) നടത്തുന്നു. 500 രൂപയാണ് ഫീസ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പരമാവധി 25 പേർക്കാണ് പ്രവേശനം നൽകുന്നത്. താൽപര്യമുള്ളവർ ആഫീസ് സമയങ്ങളിൽ **9447281300** എന്ന ഫോൺ നമ്പറിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. കേരള കാർഷിക സർവകലാശാലയുടെ തൃശൂർ വെള്ളാനിക്കരയിലുള്ള കൊക്കോ ഗവേഷണ കേന്ദ്രത്തിൽ വെച്ച് കൊക്കോ സംസ്കരണത്തിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കശുമാവ് കൊക്കോ വികസന കാര്യാലയത്തിന്റെ ധനസഹായത്തോടു കൂടിനടത്തുന്ന ഈ പരിശീലനപരിപാടിയിലേക്കുള്ള പ്രവേശനം സൗജന്യമാണ്. കൊക്കോ കർഷകർക്കും സംരംഭകർക്കും അപേക്ഷിക്കാവുന്നതാണ്. താല്പര്യമുള്ളവർ ccrp@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ **0487 2438451, 2438452, 9539298831** എന്നീ ഫോൺ നമ്പർ മുഖേനയോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

6. മണ്ണുത്തി വെറ്ററിനറി കോളേജിലെ ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ മാനേജ്മെൻറ് ഡിപ്പാർട്ട്മെൻറിന് കീഴിലുള്ള ഇക്കോഫാമിൽ സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷിക്കാം. ആറുമാസമാണ് കാലാവധി. നവംബർ 30-ന് മുമ്പ് അപേക്ഷ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് **9745793807** എന്ന ഫോൺ നമ്പരിലോ ecofarmmty@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

### കാർഷിക നിർദ്ദേശങ്ങൾ

- താപനിലയിൽ ദൈനം ദിനം ഉണ്ടാകുന്ന വർധനവ് മണ്ണിലെ ജലാംശം നഷ്ടപ്പെടുന്നതിനു കാരണമാകുന്നുണ്ട്. മണ്ണിൽ നല്ല ഈർപ്പം ഉള്ളപ്പോൾ തന്നെ പുതയിടീൽ നടത്തി മണ്ണിലെ ജലാംശം നഷ്ടപ്പെടാതെ സംരക്ഷിക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

- കരിയിലകൾ, വൈക്കോൽ, ചകിരി തൊണ്ട്, ആവരണ വിളകൾ മുതലായവ ഉപയോഗിച്ച് കാർഷിക വിളകൾക്ക് പുതയിടീൽ നടത്താവുന്നതാണ്.
- വരൾച്ചയെ പ്രതിരോധിക്കുന്നതിനായി വേനൽകാല വിളകൾ നടുന്നതിനു മുൻപായി മൈകൊറൈസ മണ്ണിൽ ചേർക്കുന്നത് ഉത്തമമായിരിക്കും.
- കാറ്റിന്റെ വേഗത മണിക്കൂറിൽ 7 കിലോ മീറ്റർ വരെ ആകാൻ സാധ്യതയുള്ളതിനാൽ വിളകൾക്ക് ആവശ്യമായ താങ്ങുകൾ നൽകി സംരക്ഷിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം